"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ്- കൊച്ചിൻ ഷിപ്പ് യാർഡിലെ ഫാക്ടറീസ് & ബോയിലേഴ്സ് ജോയിന്റ് ഡയറക്ടർ തസ്തികയുടെ സേവന കാലാവധി 25-10-2025 മുതൽ 24-10-2026 വരെ ദീർഘിപ്പിച്ച് നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.373/2026/LBR തീയതി,തിരുവനന്തപുരം, 07-03-2026

---

പരാമർശം:- 1. 19-11-2025-ലെ സ.ഉ (സാധാ) നം.1353/2025/തൊഴിൽ.

2. കൊച്ചിൻ ഷിപ്പ് യാർഡ് ജനറൽ മാനേജരുടെ 18.12.2025-ലെ SFY/01/38/07 നമ്പർ കത്ത്.

3. ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറുടെ 01-01-2026-ലെ ഡിഎഫ്ബി/3464/2025-ഇ3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊച്ചിൻ ഷിപ്പ് യാർഡിലെ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ജോയിന്റ് ഡയറക്ടർ തസ്തികയുടെ സേവന കാലാവധി 25-10-2024 മുതൽ 24-10-2025 വരെയുള്ള ഒരു വർഷത്തേയ്ക്ക് പരാമർശം (1) പ്രകാരം ദീർഘിപ്പിച്ച് നൽകിയിരുന്നു. പ്രസ്തുത കാലാവധി പൂർത്തിയായതിനാൽ, ഷിപ്പ് യാർഡിലെ തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷിതത്വം എന്നിവ കണക്കിലെടുത്ത് അപകടങ്ങൾ കുറയ്ക്കുന്നതിനു ടി തസ്തിക അനിവാര്യമായതിനാൽ ജോയിന്റ് ഡയറക്ടർ തസ്തികയുടെ കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് കൊച്ചിൻ ഷിപ്പ് യാർഡ് ചീഫ് ജനറൽ മാനേജർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിട്ടുള്ളതായും കൂടാതെ കേരള സർവ്വീസ് റൂൾസ്, പാർട്ട്-I, റൂൾ 156 പ്രകാരം മേൽ തസ്തികയുടെ മുഴുവൻ സാമ്പത്തിക ബാധ്യതയും കൊച്ചിൻ ഷിപ്പ് യാർഡ് വഹിക്കുമെന്ന് അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ പ്രസ്തുത തസ്തിക തുടർന്ന് ഒരു വർഷം കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടർ പരാമർശം (3) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചിൻ ഷിപ്പ്യാർഡിലെ ജോയിന്റ് ഡയറക്ടറുടെ താൽക്കാലിക തസ്തികയുടെ അനിവാര്യതയും ആവറേജ് കോസ്റ്റ് കൃത്യമായി അടയ്ക്കുന്നതും പരിഗണിച്ച്, കൊച്ചിൻ ഷിപ്പ് യാർഡിലെ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ജോയിന്റ് ഡയറക്ടർ തസ്തികയുടെ സേവന കാലാവധി 25-10-2025 മുതൽ 24-10-2026 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റെറ്റി പി തോമസ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ജനറൽ മാനേജർ(HR &LD), കൊച്ചിൻ ഷിപ്പ് യാർഡ്, അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, പി ബി നം.1653, പെരുമാനൂർ, കൊച്ചി-682 015.

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Abhilash R P
Date: 07-03-2026 11:33:16
സെക്ഷൻ ഓഫീസർ

പകർപ്പ് : 1. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്
2. തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എസ്.-ന്